# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തിരുപുറം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSATVM GP1/665/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 31/03/2021
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തിരുപുറം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തിരുപുറം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിരുപുറം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-

പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSATVM GP1/665/2021

തീയ്യതി: 31/03/2021

## തിരുവനന്തപുരം ജില്ലയിലെ തിരുപുറം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ തിരുപുറം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ശ്രീജ.കെ | ഡെപ്യൂട്ടി ഡയറക്ടർ | 08-03-2021 | 19-03-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 08-03-2021 | 19-03-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ശോശാമ്മ എസ്. ഓഡിറ്റ് ഓഫീസർ
ശ്രീമതി ആശ ജി ആർ, ഓഡിറ്റർ, സീനിയർ ഗ്രേഡ്
ശ്രീമതി ബിന്ദുലത ബി പി, ഓഡിറ്റർ, സീനിയർ ഗ്രേഡ്
ശ്രീമതി. പ്രിയദർശിനി എസ് ആർ ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. എൽ ക്രിസ്തുദാസ് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.രമേഷ് ജി | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. രമ്യ സുധീർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 19-07-2019 |
| ശ്രീമതി. ഗ്രീഷ്മ എ വി | അസിസ്റ്റന്റ് എഞ്ചിനീയർ | 20-07-2019 | 31-03-2020 |
| ശ്രീമതി. അനുബാല | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ഡോ. ഇന്ദു ഗോപകുമാർ | മെഡിക്കൽ ഓഫീസർ ആയുർവ്വേദ | 01-04-2019 | 31-03-2020 |
| ശ്രീമതി. രാജി ലക്ഷ്മി | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി. മിനിമോൾ | വി ഇ ഒ എ സർക്കിൾ | 01-04-2019 | 31-03-2020 |
| ശ്രീ. സനിൽ | വി ഇ ഒ ബി | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| കുമാർ | സർക്കിൾ | | |
| ഡോ. സുഹി വി പി | മെഡിക്കൽ ഓഫീസർ, അലോപ്പതി | 01-04-2019 | 01-09-2019 |
| ഡോ.ഗായത്രി എ എസ് | മെഡിക്കൽ ഓഫീസർ, അലോപ്പതി | 02-09-2019 | 28-02-2020 |
| ഡോ. സുഹി വി പി | മെഡിക്കൽ ഓഫീസർ, അലോപ്പതി | 29-02-2020 | 31-03-2020 |
| ശ്രീമതി. ഉഷാകുമാരി.എൽ ആർ | ഹെഡ്മിസട്രസ്സ് | 01-04-2019 | 31-03-2020 |

<u>ഉള്ളടക്കം</u>


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Asha G R (Senior Grade Auditor, On 24-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-1 |
| 2 | ബജറ്റ് നടപടിക്രമങ്ങൾ പാലിച്ചില്ല<br>Written By: Asha G R (Senior Grade Auditor, On 24-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-1-1 |
| 3 | ബജറ്റിൽ വകയിരുത്തിയതിലധികം തുക ചെലവഴിച്ചു<br>Written By: Asha G R (Senior Grade Auditor, On 24-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-1-2 |
| 4 | വാർഷിക കണക്കുകളുടെ പരിശോധന<br>Written By: BINDHULATHA BP (Senior Grade Auditor, On 23-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-2 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: BINDHULATHA BP (Senior Grade Auditor, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-3 |
| 6 | പദ്ധതി അവലോകനം.<br>Written By: Sosamma.S (Audit Officer, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-4 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: BINDHULATHA BP (Senior Grade Auditor, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-5 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: Sosamma.S (Audit Officer, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-6 |
| 9 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Priyadarshini.S.R (Auditor, On 23-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-7 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: Sosamma.S (Audit Officer, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-8 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Sosamma.S (Audit Officer, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-9 |
| 12 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.<br>Written By: Priyadarshini.S.R (Auditor, On 23-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-10 |
| 13 | പൊളിച്ചു മാറ്റിയ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കി<br>Written By: Asha G R (Senior Grade Auditor, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-11 |
| 14 | ഇ-ടെണ്ടർ പ്രവൃത്തിയുടെ ഫാറവില ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമായിട്ടില്ല. | 1-12 |

| | | |
|---|---|---|
| | Written By: Sosamma.S (Audit Officer, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | |
| 15 | സാഖ്യ രസീത് റദ്ദാക്കുന്നതിനുള്ള നടപടിക്രമം പാലിക്കുന്നില്ല<br>Written By: Asha G R (Senior Grade Auditor, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-13 |
| 16 | സ്രോതസ്സിൽ നിന്നും കുറവു ചെയ്യുന്ന ഫണ്ട് വരവിലും ചെലവിലും ഉൾപ്പെടുന്നില്ല.<br>Written By: BINDHULATHA BP (Senior Grade Auditor, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-14 |
| 17 | മുൻ വർഷങ്ങളിലെ വിവിധ ഫണ്ടുകളുടെ നീക്കിയിരിപ്പ് തുകകൾ ചെലവഴിച്ചിട്ടില്ല<br>Written By: BINDHULATHA BP (Senior Grade Auditor, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-15 |
| 18 | വാങ്ങൽ നടപടികളിലെ അപാകങ്ങൾ<br>Written By: BINDHULATHA BP (Senior Grade Auditor, On 19-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-16 |
| 19 | നിക്ഷേപ പ്രവൃത്തികളുടെ പൂർത്തീകരണ രേഖകൾ ലഭ്യമായിട്ടില്ല - 2,40,880/- രൂപയുടെ ചെലവു തടസ്സപ്പെടുത്തുന്നു.<br>Written By: BINDHULATHA BP (Senior Grade Auditor, On 23-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-17 |
| 20 | കണ്ടിജൻസി ചെലവു വൗച്ചറുകൾ ലഭ്യമായില്ല. ചെലവു തുക 1,31,000/-രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: BINDHULATHA BP (Senior Grade Auditor, On 23-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-18 |
| 21 | സ്റ്റോക്ക് & സ്റ്റോർസ് രജിസ്റ്റർ പരിപാലിക്കുന്നതിലെ അപാകതകൾ.<br>Written By: Sosamma.S (Audit Officer, On 24-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-19 |
| 22 | അനുപൂരക പോഷകാഹാര പദ്ധതിയ്ക്ക് ലഭിച്ച കേന്ദ്രവിഹിതം പൂർണ്ണമായും ചെലവഴിച്ചിട്ടില്ല.<br>Written By: Asha G R (Senior Grade Auditor, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-20 |
| 23 | വാടകകെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടങ്ങൾ നിർമ്മിക്കേണ്ടതാണ്<br>Written By: Asha G R (Senior Grade Auditor, On 23-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-21 |
| 24 | ന്യൂട്രിമിക്സ് വിതരണം -ലാബ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.<br>Written By: Asha G R (Senior Grade Auditor, On 23-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-22 |
| 25 | സ്പിൽ ഓവർ പ്രോജക്റ്റുകൾ | 1-23 |

| | | |
|---|---|---|
| | നടപ്പിലാക്കുന്നില്ല.<br>Written By: Sosamma.S (Audit Officer, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | |
| 26 | ആസ്തി സംരക്ഷണം - വിവരങ്ങൾ കൃത്യമായി സൂക്ഷിക്കുന്നില്ല.<br>Written By: Sosamma.S (Audit Officer, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-24 |
| 27 | പ്രവൃത്തി പൂർത്തീകരിച്ചതിന് ശേഷം എസ്റ്റിമേറ്റ് റിവൈസ് ചെയ്തു<br>Written By: Sosamma.S (Audit Officer, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-25 |
| 28 | കന്നുകുട്ടി പരിപാലന പദ്ധതി- ധനവിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല.<br>Written By: Priyadarshini.S.R (Auditor, On 23-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-26 |
| 29 | ഇ.എം.എസ് ലോൺ (റീകൂപ്പ്) ഇനത്തിൽ ഗുണഭോക്താവ് പഞ്ചായത്ത് ഫണ്ടിൽ അടച്ച തുക ബാധ്യതയായി നിലനിൽക്കുന്നു<br>Written By: BINDHULATHA BP (Senior Grade Auditor, On 26-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-27 |
| 30 | "Prepaid Programme Expenses"(ഹെഡ് കോഡ് 440500101) എന്ന ശീർഷകത്തിൽ ബുക്ക് ചെയ്ത തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.<br>Written By: BINDHULATHA BP (Senior Grade Auditor, On 26-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 1-28 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Sosamma.S (Audit Officer, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്കു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sosamma.S (Audit Officer, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Sosamma.S (Audit Officer, On 29-03-2021)<br>Last Updated By: Sosamma.S (Audit Officer, On 29-03-2021) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Sosamma.S (Audit Officer, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 4-4 |

| | | |
|---|---|---|
| 5 | സ്ഥിരനിക്ഷേപം<br>Written By: Sosamma.S (Audit Officer, On 29-03-2021)<br>Last Updated By: Sosamma.S (Audit Officer, On 29-03-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Sosamma.S (Audit Officer, On 29-03-2021)<br>Last Updated By: Sosamma.S (Audit Officer, On 29-03-2021) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Sosamma.S (Audit Officer, On 29-03-2021)<br>Last Updated By: Sosamma.S (Audit Officer, On 29-03-2021) | 4-7 |
| 8 | ചാർജ്ജ് / സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Sosamma.S (Audit Officer, On 29-03-2021)<br>Last Updated By: Sosamma.S (Audit Officer, On 29-03-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sosamma.S (Audit Officer, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Sosamma.S (Audit Officer, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 31-03-2021) | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

2019-20 വർഷത്തേക്കുള്ള വാർഷിക ബജറ്റ് 14.02.2019 -ലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് 12,57,41,884/-രൂപയും ചെലവ് 128416884/- രൂപയും ആണ്.പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 23.03.2020 ലെ -2(1 )ാം നമ്പർ തീരുമാന പ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്.

### 1-1-1 ബജറ്റ് നടപടിക്രമങ്ങൾ പാലിച്ചില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് ,വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം വകുപ്പ് പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങളും വിധേയമായി വാർഷിക ബജറ്റ് രൂപീകരണത്തിനായി ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്. എന്നാൽ അപ്രകാരം നിഷ്കർഷിച്ചിരിക്കുന്ന നടപടിക്രമങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ടല്ല ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. ബജറ്റ് രൂപീകരണത്തിനായി പഞ്ചായത്ത് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | നടപടിക്രമം | ഗ്രാമപഞ്ചായത്തിന്റെ നടപടിക്രമം (ഓഡിറ്റ് അന്വേഷണം 2/09.03.21ന് ലഭ്യമാക്കിയ മറുപടി ) |
|---|---|---|---|
| 1 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രൊപ്പോസൽ ആവശ്യപ്പെടൽ (A1-170/19 ) | ഡിസംബർ 15-ന് മുൻപ് | 01.02.2019 |
| 2 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസലുകൾ ഘടകസ്ഥാപനങ്ങൾ സമർപ്പിക്കൽ | ജനവരി 15-ന് മുൻപ് | -* |
| 3 | ക്രോഡീകരണത്തിനായി വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ ചേരൽ | ജനവരി 25-ന് മുൻപ് | യോഗം ചേർന്നിട്ടില്ല |
| 4 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ പ്രപ്പോസൽ വയ്ക്കൽ,ക്രോഡീകരണം | ഫെബ്രുവരി 1-ന് മുൻപ് | 07.02.2019 |
| 5 | ബജറ്റ് വർഷത്തേക്കുള്ള വാർഷിക പദ്ധതി അംഗീകാരം | ഫെബ്രുവരി 28-ന് മുൻപ് | 22.12.2018 |
| 6 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കരട് ബജറ്റ് നിർമ്മാണം/ അംഗീകരിക്കൽ | മാർച്ച് 1-ന് മുൻപ് | 07.02.2019 |
| 7 | കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | മാർച്ച് 7-ന് മുൻപ് | 13.02.2019 |
| 8 | അന്തിമ ബജറ്റ് അംഗീകാരത്തിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | മാർച്ച് 31-ന് മുൻപ് | 14.02.2019 |

*കൃഷി ഓഫീസർ 07.02.19 ഉം മെഡിക്കൽ ഓഫീസർ (ആയുർവേദം) 11.02.19ഉം ഹെഡ്മിസ്ട്രസ് 06.02.19 നം ശുപാർശ സമർപ്പിച്ചിട്ടുണ്ട്. മറ്റുള്ള നിർവഹണഉദ്യോഗസ്ഥർ, സ്റ്റാന്റിംഗ് കമ്മിറ്റികൾ എന്നിവർ ബജറ്റ് ശുപാർശ സമർപ്പിച്ചതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.

## 1-1-2 ബജറ്റിൽ വകയിരുത്തിയതിലധികം തുക ചെലവഴിച്ചു

കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പ് 8-ാം ഉപവകുപ്പ് പ്രകാരം ബഡ്ജറ്റിൽ വകയിരുത്തിയതിൽ കവിഞ്ഞ ഏതെങ്കിലും ചെലവ് ഒരു പഞ്ചായത്ത് വരുത്തിവെയ്ക്കാൻ പാടില്ലാത്തതാണ്. എന്നാൽ സ്ഥാപനത്തിന്റെ 2019-20 വർഷത്തെ പുതുക്കിയ ബഡ്ജറ്റിൽ ഉൾപ്പെടാത്ത പല ഇനങ്ങൾക്കും, ചില ഇനങ്ങൾക്ക് വകയിരുത്തിയതിൽ കൂടുതലും തുക ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | ഹെഡ് കോഡ് | ധനകാര്യപത്രികപ്രകാരം ചെലവ് | റിവൈസ്ഡ് ബജറ്റ് പ്രകാരം ചെലവ് |
|---|---|---|---|
| Wages-Daily Wages Staff | 2101002 | 6,61,340 | 65,00,000 |
| Employees PF Contribution | 2105001 | 106167 | 0 |
| Other Operating And Maintanence Expenses | 2308001 | 3,47,640 | 1,50,000 |
| Payments To IKM | 2531012 | 1,00,690 | 60,000 |

ചില ഹെഡുകളിൽ ചെലവഴിക്കുന്നതിനായി കൂടുതൽതുക വകയിരുത്തിയിട്ടുണ്ടെങ്കിലും തൻവർഷം തുക ചെലവഴിച്ചിട്ടില്ല. റിവൈസ്ഡ് ബജറ്റിൽ ആയത് ക്രമീകരിക്കുകയും ചെയ്തിട്ടില്ല.

| ഇനം | Account Head Code | ബജറ്റിൽ വകയിരുത്തിയ തുക( BS 13) | ധനകാര്യപത്രിക പ്രകാരം ചെലവ് | റിവൈസ്ഡ് ബജറ്റ് പ്രകാരം (BS 13) |
|---|---|---|---|---|
| EMD | 3401001 | 150000 | 0 | 10,0000 |
| Security Deposit | 3401002 | 200000 | 0 | 200,000 |

കേരള പഞ്ചായത്ത് രാജ് നിയമം 214 വകുപ്പിൽ അനുശാസിക്കുന്ന രീതിയിൽ അപാകതകളില്ലാതെ ബജറ്റ് തയ്യാറാക്കുന്നതിനും യഥാർത്ഥ വരവ് ചെലവുകൾക്കനുസരിച്ച് ബജറ്റ് പുതുക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. നടപടിക്രമങ്ങൾ പൂർണമായും പാലിച്ചുകൊണ്ട് ബജറ്റ് തയ്യാറാക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക കണക്കുകളുടെ പരിശോധന

ഗ്രാമപഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ 29.05.2020 ലെ ഭരണസമിതിയോഗത്തിൽ 3(1) തീരുമാനത്തിലൂടെ അംഗീകരിച്ചിട്ടുണ്ട്. വാർഷിക കണക്കുകൾ തീയതിയിൽ ഓഡിറ്റിനു ലഭ്യമാക്കിയിട്ടുണ്ട്.

വാർഷിക കണക്കുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ.

1) ജേണൽ വൗച്ചറുകൾ, കോൺട്രാ വൗച്ചറുകൾ എന്നിവ തയ്യാറാക്കി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

2) കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ Net Cash Generated എന്നത് Net Increase/Decrease In Cash And Cash Equivalents – മായി പൊരുത്തപ്പെടുന്നില്ല.

3) വസ്തുനികുതി , പ്രൊഫഷണൽ ടാക്സ്, ലൈസൻസ് തുടങ്ങിയ നികുതി, നികുതയേതര വരവുകളുടെ ഡി.സി.ബി. പത്രിക ലഭ്യമാക്കാത്തതിനാൽ ഈയിനങ്ങളുടെ കൃത്യത വ്യക്തമല്ല.

4) I-18 പ്രയർ പിരീഡ് ഹെഡിൽ വസ്തുനികുതി (നോൺറസിഡൻഷ്യൽ) തുക ഉൾക്കൊള്ളിച്ചിട്ടുള്ളത് അരിയർ ഡിമാന്റ് തുക പൊരുത്തപ്പെടുത്തുവാനാണ് എന്ന് നോട്ട്സ് ഓൺ അക്കൗണ്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രോപ്പർട്ടി ടാക്സ് ഡി.സി.ബി. പത്രിക ലഭ്യമാക്കാത്തതിനാൽ പ്രോപ്പർട്ടി ടാക്സ് ഹെഡുകൾ പരിശോധിക്കാനായിട്ടില്ല.

5) ബി14 – Stock In Hand (Inventories) മൂല്യം രേഖപ്പെടുത്തിയിട്ടില്ല.

6) വസ്തുനികുതി എ.എഫ്.എസ് പ്രകാരമുള്ള ഡിമാന്റ് ,കളക്ഷൻ , ബാലൻസ് തുകകൾ പൊരുത്തപ്പെടുന്നില്ല.

| ഇനം | Demand(I-1) | Collection (RP 43) | Balance B 15 |
|---|---|---|---|
| Property Tax (Res Current) | 1475819 | 1399388 | 80253 |
| Property Tax (Non Res Current) | 1190514 | 600032 | 620006 |
| Property Tax (Res Arrear) | 514543 | 344732 | 300650 |
| Property Tax (Nonres Arrear) | 1312351 | 218602 | 632244 |

7) ചുവടെ ചേർക്കുന്ന ഇനങ്ങളിൽ RP 38 പ്രകാരം സൃഷ്ടിച്ചിരിക്കുന്ന ആസ്തികൾ ബാലൻസ് ഷീറ്റിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല

| | Rp 38 | തൻവർഷ ബി11-മുൻവർഷ ബി 11 |
|---|---|---|
| Roads Cement Concrete 410300101 | 0 | 492588 |

8) ബി18- പൊരുത്തപ്പെടുന്നില്ല

| ഇനം | മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് ബി17 |
|---|---|---|---|---|
| 460509901 Advance To Others | 402626 | 1258223 | 1037514 | 389262 |
| 460500501 Advance To Implementing Officers | 0 | 206208 | 209922 | 0 |

9) എം.എൻആർ.ഇ.ജി.എസ്. ഇൻകം & എക്സ്പന്റിച്ചറിലെ വരവ് (I6) 23237880/- ഉം ചെലവ് (I14(A)) 23223037/- ഉം ആണ്. ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

10) എം.എൻ.ആർ.ഇ.ജി.എസ് ക്യാഷ് ബുക്ക് പ്രകാരം തൻവർഷ വരവ് 1751281/- രൂപയാണ്. എന്നാൽ വാർഷിക കണക്കുകൾ പ്രകാരം ഇത് 1669275/- (1524275+145000) രൂപയാണ്. വ്യത്യാസം 82,006/-.

11)എം.എൻ.ആർ.ഇ.ജി.എസ് അക്കൗണ്ടിന്റെ നീക്കിയിരുപ്പ് ആർ.പി. 40(B) പ്രകാരം 79178/- രൂപയും, ബി 4 പ്രകാരം 64335/- രൂപയുമാണ്.

12) ആർ.പി. 9 ബാങ്ക് പലിശ ഹെഡിൽ ലൈഫ് അക്കൗണ്ടിലെ പലിശ വരവായ 78,930/- രൂപയും ഉൾപ്പെടുത്തിയിരിക്കുന്നു.

13. കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിൽ നിന്നുള്ള കളക്ഷൻ ചാർജ്ജസ് 702/- രൂപ Contractors Retension ഹെഡിലെ വരവായി ബുക്ക് ചെയ്തിരിക്കുന്നു.

14) 2019-20 സാമ്പത്തിക വർഷത്തിൽ നടത്തിയ ഇ ടെണ്ടറിൽ നിന്നുള്ള ഫാറവില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് നിക്ഷേപിക്കപ്പെട്ടത്. പ്രസ്തുത തുക ഗ്രാമപഞ്ചായത്തിനു ലഭിക്കുവാനുള്ള തുകയായി വാർഷിക കണക്കുകളിൽ ഉൾക്കൊള്ളിച്ചിട്ടില്ല.

15) ഗ്രാമപഞ്ചായത്തിലെ ദിവസവേതന, പാർട്ട് ടൈം , കരാർ ജീവനക്കാർ, ജനപ്രതിനിധികളുടെ ഓണറേറിയം എന്നിവരുടെ മാർച്ച് 2020 ലെ ചെലവുകൾക്ക് ബാലൻസ് ഷീറ്റ് ബി 9 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

16) തൻ വർഷം 3 നിക്ഷേപ പ്രവൃത്തികൾക്കായി 2,40,880/- രൂപഗ്രാമ പഞ്ചായത്ത് കൈമാറിയിട്ടുണ്ട്. പ്രവൃത്തികൾ പൂർത്തീരിച്ചതിനുള്ള രേഖകൾ ബന്ധപ്പെട്ട സ്ഥാപനങ്ങൾ ഇതുവരെ ലഭ്യമാക്കിയിട്ടില്ലായെങ്കിലും, വാർഷിക കണക്കിൽ പ്രസ്തുത ചെലവ് ആസ്തിയായി കാണിച്ചിരിക്കുന്നു.

17) വികസന ഫണ്ട് പൊതു വിഹിതം I 6 പ്രകാരം 10849112/- ഉം ആണ്. എന്നാൽ സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള അലോട്ട്മെന്റ് തുക 11577000/- ആണ്.

18) പദ്ധതി നിർവഹണത്തിൽ മാർഗ്ഗരേഖ 11/2018/തസ്വഭവ തീ.29.012018 പ്രകാരമുള്ള നിർബന്ധിത വകയിരുത്തലുകൾ വരുത്തിയിട്ടില്ല.

| | അടങ്കൽ | വകയിരുത്തേണ്ട % | വകയിരുത്തിയ തുക | വകയിരുത്തൽ % |
|---|---|---|---|---|
| ഉത്പാദനമേഖല | 15451568 (വികസനഫണ്ട് സാധാരണം) | 30% കുറഞ്ഞത് | 2987600 | 19.33 |

## 1-3 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | കുറിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 11577000 | 11577000 | 8696580 | 2880420 | ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റ്മെന്റ് , എ.സി ആർ എന്നിവ പ്രകാരമുള്ള വരവ് 9424468/- രൂപയാണ്. സുലേഖ , ഗ്രാന്റ് യൂട്ടിലൈസേഷൻ പ്രകാരമുള്ള ചെലവ് 10849112/- രൂപയുമാണ്. |
| വികസനഫണ്ട് (എസ് സി പി) | 0 | 2579000 | 2579000 | 638478 | 1940522 | |
| വികസന ഫണ്ട് റ്റി എസ് പി | 0 | 135000 | 135000 | 67500 | 67500 | |
| മെയിന്റനൻസ് ഫണ്ട് റോഡ് | 0 | 7062000 | 7062000 | 3398233 | 3663767 | |
| മെയിന്റനൻസ് ഫണ്ട് നോൺ റോഡ് | 0 | 3373000 | 3373000 | 2667947 | 705053 | |
| സി.എഫ്.സി | 0 | 8851182 | 8851182 | 3841694 | 5009488 | |

## 1-4 പദ്ധതി അവലോകനം.

പദ്ധതി ആസൂത്രണത്തിലും രൂപീകരണത്തിലും പദ്ധതി മാർഗ്ഗരേഖ നിർദേശങ്ങൾ (സ.ഉ(കൈ)നം.11/2018/തസ്വഭവ, തീയതി 29.02.2018) പാലിച്ചിട്ടില്ല. പഞ്ചായത്തിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ടുകൊണ്ടുള്ള ആസൂത്രണത്തിൽ ഗ്രാമസഭ വഴിയുള്ള ജനപങ്കാളിത്തത്തിന് നിർണ്ണായക പങ്കുണ്ട്. 13,14 വാർഡുകളുടെ ഗ്രാമസഭ മിനിറ്റ്സ് , പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സ് എന്നിവ പരിശോധിച്ചതിൽ നിന്നും പദ്ധതികൾ രൂപീകരിക്കുന്നതിന് ഗ്രാമസഭയിൽ ആവശ്യമായ ചർച്ചകൾ

നടക്കുകയോ മുൻഗണനാടിസ്ഥാനത്തിൽ നടപ്പാക്കേണ്ടവയുടെ നിർദേശങ്ങൾ ഉണ്ടാവുകയോ ചെയ്തിട്ടില്ല എന്ന് വ്യക്തമായി. 2018-19 കാലയളവിൽ നടന്ന 13 -ാം വാർഡിന്റെ ഗ്രാമസഭയിൽ 2019-20 ലേയ്ക്ക് 4 പദ്ധതികൾക്കാണ് ശുപാർശ നൽകിയിരിക്കുന്നത്. ഗ്രാമസഭയിലെ നിർദേശങ്ങൾ പരിഗണിച്ച് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതികൾ ഭരണസമിതിയ്ക്ക് സമർപ്പിച്ച് മുൻഗണനകളും വിഭവലഭ്യതയും പരിഗണിച്ച് അന്തിമ തീരുമാനം എടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. എന്നാൽ ഈ നടപടിക്രമങ്ങളുടെ അഭാവത്തിൽ അടങ്കൽ തുകയുടെ അറുപത്തി മൂന്ന് ശതമാനവും വിനിയോഗിക്കാൻ സാധിച്ചില്ല.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | പദ്ധതി അടങ്കൽ | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | നടപ്പാക്കാത്ത പദ്ധതികളുടെ എണ്ണം | പൂർത്തീകരിച്ച ശതമാനം |
|---|---|---|---|---|---|---|
| 200 | 103998583 | 112 | 38536167 | - | 88 | 79 |

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 68109 | 1669275 | 1737384 | 1504259 | 79178 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് * | 0 | 21733621 | 21733621 | 21733621 | 0 |

* വാർഷിക കണക്കുകൾ പ്രകാരം

## 1-6 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 380640 | 340 |
| കർഷകത്തൊഴിലാളി പെൻഷൻ | 4190400 | 1494 |
| വിധവാപെൻഷൻ | 2952000 | 998 |
| വാർദ്ധക്യകാല പെൻഷൻ | 6318600 | 2222 |
| വികലാംഗ പെൻഷൻ | 1998600 | 675 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 330000 | 11 |
| 50 വയസ്സിന് മുകളിലുള്ള അവിവാ ഹിതരായ സ്ത്രീകളുടെ പെൻഷൻ | 166200 | 59 |

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.03.2021, ഉച്ചയ്ക്ക് 2.30-ന് ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 8577/- രൂപയുടെ നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

പൊതുഭരണം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായ ഫ്രണ്ട് ഓഫീസ് സംവിധാനം തൃപ്തികരമാണെങ്കിലും പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ ലഭ്യമാക്കുന്നു എന്ന് ബന്ധപ്പെട്ട മോണിറ്ററിംഗ് സമിതി ഉറപ്പാക്കേണ്ടതാണ്.

തനത് വരവ് ഈടാക്കുന്നതിൽ പാളിച്ചകൾ

പഞ്ചായത്ത് പരിധിയിലെ കടകളുടേയും മറ്റ് ട്രെയിഡിംഗ് സ്ഥാപനങ്ങളുടേയും വിവരങ്ങൾ ഉൾപ്പെടുത്തിയ ട്രെയിഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ട എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല. പുതിയ വരുമാനസ്രോതസ്സ് കണ്ടെത്തുന്നതിനോ അതിനനുസരിച്ച് തനത് വരവ് വർദ്ധിപ്പിക്കുന്നതിനോ നടപടികൾ സ്വീകരിച്ചിട്ടില്ല.

മരാരത്ത് പ്രവൃത്തികൾ

സ്പിൽ ഓവർ ആയ മരാമത്ത് പ്രവൃത്തികൾ നടപ്പാക്കിയിട്ടില്ല. പഞ്ചായത്തിനെ ഒറ്റ യൂണിറ്റായി കണ്ട് അടിസ്ഥാന വികസനം ലക്ഷ്യമാക്കി പദ്ധതികൾ രൂപീകരിച്ച് തുക വകയിരുത്തേണ്ടതാണെന്നും പദ്ധതികളുടെ എണ്ണം കുറച്ച് നിർവ്വഹണം കാര്യക്ഷമമാക്കേണ്ടതാണെന്നുമുള്ള മാർഗ്ഗരേഖ നിർദേശങ്ങൾ പാലിച്ചിട്ടില്ല.

മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമമല്ല.

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കുന്ന പദ്ധതികളുടെ ഫലപ്രാപ്തിയും കാര്യക്ഷമതയും പരിശോധനാവിധേയമാക്കുന്ന സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതിയായി പ്രവർത്തിക്കുന്നില്ല. പഞ്ചായത്തിലെ നാല് പ്രൈമറി സ്കൂളുകളിൽ പ്രഭാത ഭക്ഷണം നൽകിയ പദ്ധതി പോലും മോണിറ്ററിംഗിന് വിധേയമായ രേഖകൾ ലഭ്യമാക്കിയില്ല.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

1.09.2020 മുതൽ 31.03.2020 വരെ പെർഫോർമൻസ് ഓഡിറ്റ് നടന്നിട്ടുണ്ടെങ്കിലും റിപ്പോർട്ട് ലഭ്യമായിട്ടില്ല. അക്കൗണ്ടന്റ് ജനറലിന്റെ 2018-19 വരെയുള്ള ഓഡിറ്റ് റിപ്പേർട്ട് പരാമർശങ്ങളിന്മേൽ തുടർനടപടികൾ സ്വീകരിച്ച് വരുന്നു.

## 1-10 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

തിരുപുറം ഗ്രാമ പഞ്ചായത്ത് 2019-20 സാമ്പത്തിക വർഷത്തിലെ തൊഴിൽ നികുതി താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കുകയോ, ഡിമാന്റ് നോട്ടീസ് നല്കുകയോ ചെയ്തിട്ടില്ല.

| നം. | സ്ഥാപനത്തിന്റെ പേര് | ഈടാക്കാനുള്ളത് | |
|---|---|---|---|
| | | ആദ്യ പകുതി അടവുവിവരം | രണ്ടാമത്തെ പകുതി അടവുവിവരം |
| 1 | വില്ലേജ് ഓഫീസ് തിരുപുറം | അടവാക്കിയിട്ടുണ്ട് | അടവാക്കിയിട്ടില്ല |
| 2 | ദേവസ്വം ബോർഡ് ഓഫീസ്, തിരുപുറം | അടവാക്കിയിട്ടില്ല | അടവാക്കിയിട്ടില്ല |
| 3 | വി.ഇ.ഒ., തിരുപുറം | അടവാക്കിയിട്ടില്ല | അടവാക്കിയിട്ടില്ല |
| 4 | സർവ്വീസ് സഹകരണ ബാങ്ക്, | അടവാക്കിയിട്ടുണ്ട് | അടവാക്കിയിട്ടില്ല |

| | | | |
|---|---|---|---|
| | തിരുപുരം | | |
| 5 | പല്ലവി ഹോസ്പിറ്റൽ, പഴയകട | അടവാക്കിയിട്ടില്ല | അടവാക്കിയിട്ടില്ല |
| 6 | മുല്ലൂർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി | അടവാക്കിയിട്ടില്ല | അടവാക്കിയിട്ടില്ല |
| 7 | അഗ്രികൾച്ചർ ഇപ്രൂവ്മെന്റ് സൊസൈറ്റി | അടവാക്കിയിട്ടില്ല | അടവാക്കിയിട്ടില്ല |
| 8 | തിരുപുരം ഫാർമേഴ്സ് വെൽഫയർ സൊസൈറ്റി | അടവാക്കിയിട്ടില്ല | അടവാക്കിയിട്ടുണ്ട് |
| 9 | എസ്.വി. ഫ്യൂവൽസ്, മനവേലി | അടവാക്കിയിട്ടില്ല | അടവാക്കിയിട്ടില്ല |
| 10 | മിൽക്ക് സൊസൈറ്റി, ഇരുവൈക്കോണം | അടവാക്കിയിട്ടില്ല | അടവാക്കിയിട്ടില്ല |
| 11 | മിൽക്ക് സൊസൈറ്റി, പുത്തൻകട | അടവാക്കിയിട്ടില്ല | അടവാക്കിയിട്ടില്ല |

ആയതിന് വിശദീകരണം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറി നം.12/12.3.21 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. 1994 ലെ കേരളാ പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 204, പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളുടെയും മേൽ തൊഴിൽനികുതി ചുമത്തേണ്ടതാകുന്നു.

ഗ്രാമ പഞ്ചായത്തിൽ 2019-20 സാമ്പത്തിക വർഷത്തിൽ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയിട്ടുള്ള കരാറുകാരുടെ വിവരങ്ങളും, അവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരങ്ങളും ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറി നം.18/16.3.2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഈടാക്കുവാൻ വിട്ടുപോയ തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്ന് ഉറപ്പാക്കുവാനായി സ്ഥാപനങ്ങളുടെ പട്ടിക തയ്യാറാക്കുകയും അത് കാലികമാക്കി സൂക്ഷിക്കേണ്ടതുമാണ്.

## 1-11 പൊളിച്ചു മാറ്റിയ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കി

2011-ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 24 പ്രകാരം ഒരു കെട്ടിടം പൊളിച്ചു കളയുമ്പോൾ കെട്ടിട ഉടമ സെക്രട്ടറിയ്ക്ക് നോട്ടീസ് നൽകേണ്ടതും പൊളിച്ചുകളയുന്ന അർദ്ധ വർഷത്തിന്റെ അവസാനം വരെയുള്ള നികുതി ഒടുക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ കെട്ടിടങ്ങൾ പൊളിച്ചു നീക്കി എന്ന കാരണത്താൽ മുൻകാല പ്രാബല്യത്തിൽ നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| നം. | ഫയൽ നം., തീയതി | പേര് /വിലാസം | കെട്ടിട നം. | ഉപയോഗക്രമം | ഒഴിവാക്കിയ കാലയളവ് |
|---|---|---|---|---|---|
| 1 | A3 625/19, 2/2/19 | സി.ഡെന്നിസൺ മേലേകാഞ്ഞിരവിളാകം | III/231 | പാർപ്പിടാവശ്യം | 2016/1 |
| 2 | A3 623/19, 2/2/19 | മണിയൻ രാജമ്മ ചാരുനിന്ന വീട് | III/420D | പാർപ്പിടാവശ്യം | 2013/1 |
| 3 | A3 764/19, 8/2/19 | ജോൺസൺ വടക്കേനുള്ളിയോട് | IV/74 | പാർപ്പിടാവശ്യം | 2018/1 |
| 4 | A3 662/18, | ലാലി | VI/215 | പാർപ്പിടാവശ്യം | 2018/1 |

| | | | | | |
|---|---|---|---|---|---|
| | 5/2/19 | പെരുമാവിള വീട് | | | |
| 5 | A31883/19, 2/3/19 | പൊന്നയ്യൻ നാടാർ തേരിവിള | III/357B | പാർപ്പിടാവശ്യം | 2013/1 |

മേൽ കെട്ടിടങ്ങൾക്ക് അർദ്ധ വർഷത്തിന്റെ അവസാനം വരെയുള്ള നികുതി ഒഴിവാക്കിയതിന്റെ കാരണം വ്യക്തമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (28/18.3.2021), നികുതി പിരിവ് ചുമതലയുള്ള ഉദ്യോഗസ്ഥർ വാർഡിൽ നികുതി പിരിവിനായി പോകുമ്പോൾ പൊളിഞ്ഞു പോയതായി ബോധ്യപ്പെട്ട കെട്ടിടങ്ങൾ നികുതി ഒഴിവാക്കുന്നതിന് രേഖാമൂലം റിപ്പോർട്ട് നൽകിയതിന്റെ അടിസ്ഥാനത്തിലാണ് നികുതി ഒഴിവാക്കിയിട്ടുള്ളത് എന്ന മറുപടിയാണ് നൽകിയത്.

പൊളിച്ചുകളയുന്ന കെട്ടിടത്തിന്റെ അർദ്ധ വർഷത്തിന്റെ അവസാനം വരെയുള്ള നികുതി ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-12 ഇ-ടെണ്ടർ പ്രവൃത്തിയുടെ ഫാറവില ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമായിട്ടില്ല.

2019-20 സാമ്പത്തിക വർഷം ഇ-ടെണ്ടർ ചെയ്ത പ്രവൃത്തിയുടെ ഫോറം വില നാളിതുവരെ പഞ്ചായത്തിന് ലഭിച്ചിട്ടില്ല. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 16/21, 15.03.2021) ഫാറവില പഞ്ചായത്തിലേയ്ക്ക് നൽകുവാനായി ജില്ലാപഞ്ചായത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കി. ഇ-ടെണ്ടർ പ്രവൃത്തിയുടെ ഫാറവില പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 സാധ്യ രസീത് റദ്ദാക്കുന്നതിനുള്ള നടപടിക്രമം പാലിക്കുന്നില്ല

തിരുപുറം ഗ്രാമ പഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തിലെ രസീതുകൾ പരിശോധിച്ചതിൽ ഓരോ മാസത്തിലും റദ്ദാക്കിയ സാധ്യ രസീതുകളുടെ എണ്ണം താഴെ കൊടുക്കുന്നു.

| മാസം | റദ്ദാക്കിയ രസീതുകളുടെ എണ്ണം |
|---|---|
| ഏപ്രിൽ | 4 |
| മെയ് | 3 |
| ജൂൺ | 4 |
| ജൂലൈ | 2 |
| ആഗസ്റ്റ് | 5 |
| സെപ്റ്റംബർ | 4 |
| ഒക്ടോബർ | 13 |
| നവംബർ | 4 |
| ഡിസംബർ | 6 |
| ജനുവരി | 1 |
| ഫെബ്രുവരി | 8 |
| മാർച്ച് | 4 |

റദ്ദാക്കിയ പല രസീതുകളിലും സെക്രട്ടറി ഒപ്പ് വച്ചിട്ടില്ല. തുടർച്ചയായി രസീതുകൾ റദ്ദാക്കുന്നതിന് കാരണം വ്യക്തമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി നം.13/15.3.2021 ന് സെർവർ, പ്രിന്റർ തകരാറുകൾ കാരണമാണ് രസീതുകൾ റദ്ദാക്കേണ്ടി വരുന്നെന്നും, റദ്ദാക്കിയ രസീതുകളിൽ സെക്രട്ടറിയുടെ ഒപ്പ് രേഖപ്പെടുത്തി സമർപ്പിക്കുന്നതാണെന്നും മറുപടി നൽകി. ദൈനംദിനം രസീത് റദ്ദാക്കൽ പത്രിക പ്രിന്റ് എടുത്ത് സൂക്ഷിക്കുന്നില്ല. എന്നാൽ 2020-21 രസീത് റദ്ദാക്കൽ പത്രിക പ്രിന്റ് എടുത്ത് സൂക്ഷിക്കുന്നതായി അറിയിച്ചിട്ടുണ്ട്.

രസീതുകൾ കൈകാര്യം ചെയ്യുന്നതിൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലേയും, കെ.ടി.സി യിലേയും നിബന്ധനകൾ പാലിക്കുവാൻ ഉത്തരവാദപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

## 1-14 സ്രോതസ്സിൽ നിന്നും കുറവ് ചെയ്യുന്ന ഫണ്ട് വരവിലും ചെലവിലും ഉൾപ്പെടുന്നില്ല.

വിവിധ ആവശ്യങ്ങൾക്കായി സ്രോതസ്സിൽ നിന്നും ഈടാക്കിയ തുകക്ക് പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. തദ്ദേശ സ്ഥാപനങ്ങളുടെ പ്ലാൻ, നോൺപ്ലാൻ ഫണ്ടിന്റെ വിവിധ ഗഡുക്കളിൽ നിന്നും തദ്ദേശ സ്ഥാപനങ്ങളുടെ കുടിശ്ശികയായ വിവിധ ചെലവുകൾക്കായുള്ള തുക കുറവ് ചെയ്ത ശേഷമുള്ള തുകയാണ് അനുവദിച്ചിരുന്നത്. പ്രസ്തുത തുകക്ക് തദ്ദേശ സ്ഥാപനങ്ങൾ പദ്ധതി തയ്യാറാക്കി ചെലവ് രേഖപ്പെടുത്തേണ്ടതുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് ഇപ്രകാരം ശ്രോതസ്സിൽ നിന്നും കുറവ് ചെയ്ത തുകക്ക് വരവ് രേഖപ്പെടുത്തുന്നതിനും, പദ്ധതിചെലവായി ഉൾപ്പെടുത്തുന്നതിനും വീഴ്ച വരുത്തി.

1) വികസന ഫണ്ടിന്റെ 2, 3 ഗഡുക്കളിൽ നിന്നായി ആകെ 693500/- (416100+277400) രൂപ അംഗൻവാടി ജീവനക്കാരുടെ അധിക വേതനമിനത്തിൽ സർക്കാർ കുറവ് ചെയ്തിരുന്നു. എന്നാൽ പ്രസ്തുത ചെലവ് ഉൾക്കൊള്ളിക്കുന്നതിലേക്കായി ആകെ 416100/- രൂപയുടെ പദ്ധതി മാത്രമാണ് സുലേഖയിൽ തയ്യാറാക്കിയിട്ടുള്ളത്.

2) ജനറൽ പർപ്പസ് ഗ്രാന്റിന്റെ നാലു ഗഡുക്കളിൽ നിന്നായി വൈദ്യുതി ചാർജ് കുടിശ്ശികയിനത്തിൽ 1140/- രൂപ കുറവ് ചെയ്തിട്ടുണ്ട്. ഇതിലേക്കായി പദ്ധതി ഉൾക്കൊള്ളിച്ചിട്ടില്ല.

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 17/15.03.2021) ആയത് സുലേഖ സോഫ്റ്റ് വെയറിൽ ജി.ഒ. പ്രോജക്ടുകളുടെ ഓപ്ഷനിൽ ഉണ്ടായിരുന്ന പ്രകാരമാണ് ജി.ഒ. പ്രോജക്ടുകൾ ഉൾപ്പെടുത്തിയതെന്ന് മറുപടി നൽകി. തദ്ദേശ സ്ഥാപനങ്ങളുടെ വിവിധ കുടിശ്ശിക ചെലവുകൾക്കായി സർക്കാർ ഈടാക്കി കൈമാറുന്ന തുക സ്ഥാപനങ്ങളുടെ വരവിലും ചെലവിലും ഉൾപ്പെടാതെ പോകുന്നത് ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-15 മുൻ വർഷങ്ങളിലെ വിവിധ ഫണ്ടുകളുടെ നീക്കിയിരിപ്പ് തുകകൾ ചെലവഴിച്ചിട്ടില്ല

വാർഷിക കണക്കുകളിലെ ബി-4 ഷെഡ്യൂളിൽ നീക്കിയിരിപ്പായി രേഖപ്പെടുത്തിയിട്ടുള്ള വിവിധ ഫണ്ടുകൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| ഹെഡ് | | 31.03.2019 ലെ നീക്കിയിരുപ്പ് | 31.03.2020ലെ നീക്കിയിരുപ്പ് | കുറിപ്പുകൾ |
|---|---|---|---|---|
| 320100116 | സർവശിക്ഷാ അഭിയാൻ | 310000 | 310000 | 2014മുതൽ നീക്കിയിരുപ്പായി നിലനിൽക്കുന്നു. |
| 320200322 | ശുചിത്വമിഷൻ | 2542273 | 2310883 | പദ്ധതികൾ പൂർത്തിയായിട്ടില്ല |
| [illegible] | [illegible] | [illegible] | [illegible] | [illegible] |

| | | | | |
|---|---|---|---|---|
| 320300199 | മറ്റു സർക്കാർ ഏജൻസികൾ (കുടുംബശ്രീ) | 1250000 | 1047401 | ബഡ്സ് സ്കൂളിനായി ലഭിച്ചതുക |
| 320400101 | നബാർഡ് സഹായം | 2576 | 2576 | |

വിവിധ ഏജൻസികൾ ലഭ്യമാക്കിയിട്ടുള്ള തുകകൾ നീക്കിയിരുപ്പായി അവശേഷിക്കുന്നതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം. 25/17.03.2021) തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കി. നീക്കിയിരുപ്പായി അവശേഷിക്കുന്ന ഫണ്ടുപയോഗിച്ച് അനുയോജ്യമായ പദ്ധതികൾ നടപ്പാക്കേണ്ടതിന്റെ ആവശ്യകത ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-16 വാങ്ങൽ നടപടികളിലെ അപാകങ്ങൾ

| | |
|---|---|
| പ്രോജക്ട് നം. | 138/20 |
| പേര് | എൽ.ഇ.ഡി. ലൈറ്റ് സെറ്റ് സ്ഥാപിക്കൽ (സ്പിൽ ഓവർ) |
| അടങ്കൽ തുക | ധനകാര്യ കമ്മീഷൻ അവാർഡ് 123475/- |
| ചെലവ് | ബിൽ നം. 20/20.06.2019 തുക 81631/-<br>56/18.01.2020 തുക 33131/-<br>114762/- |

പദ്ധതിക്കായി വാങ്ങൽ നടത്തിയതിലെ അപാകതകൾ ചുവടെ.

എ) പ്രവൃത്തിക്കായി ലഭിച്ച ടെണ്ടറുകളിൽ കുറഞ്ഞ നിരക്കു ക്വാട്ട് ചെയ്ത കല്ലൂർ ഇലക്ട്രിക്കൽസ് (1350/- രൂപ), ശ്രീമുരുകൻ ഇലക്ട്രിക്കൽസ് (1354/- രൂപ - കെ.എസ്.ഇ.ബി.യുടെ സൂപ്പർവിഷൻ ചാർജ്ജസ് 25/- രൂപ ഉൾപ്പെടെ), കബനി ഇലക്ട്രിക്കൽസ് (1400/-രൂപ) എന്നീ 3 സ്ഥാപനങ്ങളിൽ നിന്നും സാമ്പിൾ ശേഖരിച്ച് ഗുണമേന്മ പരിശോധന നടത്തുവാൻ 21.08.2018 ലെ പ്രൊക്യൂർമെന്റ് കമ്മിറ്റി യോഗത്തിൽ തീരുമാനിച്ചിരുന്നു. എന്നാൽ കല്ലൂർ ഇലക്ട്രിക്കൽസിന്റെ പരിശോധനാ റിപ്പോർട്ട് മാത്രമാണ് ഫയലിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. മറ്റു രണ്ടു സ്ഥാപനങ്ങളുടെയും സാമ്പിളുകൾ പരിശോധിച്ചതിനുള്ള രേഖകൾ ഫയലിൽ ലഭ്യമല്ല.

ബി) പദ്ധതിക്കായി കല്ലൂർ ഇലക്ട്രിക്കൽസ് യൂണിറ്റിന് 1350/- രൂപയും, ശ്രീമുരുകൻ ഇലക്ട്രിക്കൽസ് 1354/- രൂപയും ക്വാട്ട് ചെയ്തിരുന്നു. ഇതിൽ, ശ്രീമുരുകൻ ഇലക്ട്രിക്കൽസ് കെ.എസ്.ഇ.ബി.യുടെ സൂപ്പർവിഷൻ ചാർജ്ജസ് (25/- രൂപ) ഉൾപ്പെടെയുള്ള തുകയാണ് ക്വാട്ട് ചെയ്തിരുന്നത്. പ്രസ്തുത വിഷയം പരിഗണിക്കാതെ, കല്ലൂർ ഇലക്ട്രിക്കൽസിനു കരാർ അനുവദിച്ചതിലൂടെ അധികച്ചെലവ് ഉണ്ടായി. പദ്ധതിയുടെ സൂപ്പർവിഷൻ ചാർജസ് ഇനത്തിൽ ഗ്രാമപഞ്ചായത്തിനു 8780/- രൂപ തനതു ഫണ്ടിൽ നിന്നും ചെലവു ചെയ്യേണ്ട സാഹചര്യവും ഉണ്ടായി.

പദ്ധതി പ്രകാരം തൻ വർഷം ആകെ 114762/- രൂപ ചെലവു ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ മോണിട്ടറിംഗ് റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല. പദ്ധതി പ്രകാരം സ്ഥാപിച്ച 100 ലധികം ലൈറ്റുകൾ കേടായതായും പരിഹരിച്ചു നൽകണമെന്നും അറിയിച്ചു കരാറുകാരനായ കല്ലൂർ ഇലക്ട്രിക്കൽസിനു കത്ത്

നൽകിയിരുന്നു. പ്രസ്തുത അപാകതകൾ പരിഹരിച്ചതു സംബന്ധിച്ച വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല. പരാമർശം സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിനു (നം.14/15.03.2021) മറുപടി ലഭ്യമാക്കിയില്ല. പദ്ധതി നടത്തിപ്പിലെ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-17 നിക്ഷേപ പ്രവൃത്തികളുടെ പൂർത്തീകരണ രേഖകൾ ലഭ്യമായിട്ടില്ല - 2,40,880/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഗ്രാമപഞ്ചായത്ത് തൻവർഷം നിക്ഷേപ പ്രവൃത്തിയായി നടപ്പാക്കിയ പ്രവൃത്തികളുടെ പൂർത്തീകരണ രേഖകൾ ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ.

| പ്രോജക്ട് നം. | 137/20 | 236/20 | 13/20 |
|---|---|---|---|
| പേര് | എസ്.സി.പി. മേഖലയിൽ പൈപ്പ് കണക്ഷൻ സ്ഥാപിക്കൽ (സ്പിൽ ഓവർ) | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (മുള്ളുവിള) | സ്ട്രീറ്റ് ലൈറ്റ് എക്സ്റ്റൻഷൻ |
| അടങ്കൽ തുക | എസ്.സി.പി 1,00,000/- | ധനകാര്യ കമ്മിഷൻ അവാർഡ് 41,000/- | ധനകാര്യ കമ്മിഷൻ അവാർഡ് 11,00,000/- |
| ആകെ ചെലവ് | 1,00,000/- | 40,946/- | 99,934/- |
| ബിൽ നം., തുക | 2/30.04.2019, 1,00,000/- | 80/16.03.2020, 40,946/- | 79/16.03.2020, 99,934/- |
| നിർവഹണ ഏജൻസി | കെ.ഡബ്ല്യു.എ | കെ.എസ്.ഇ.ബി. | കെ.എസ്.ഇ.ബി. |

പ്രവൃത്തികൾക്കായി സ്ഥാപിച്ചിട്ടുള്ള കരാറുകളിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി രേഖപ്പെടുത്തിയിട്ടില്ല. പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യപത്രം, അന്തിമ ബിൽ, മോണിട്ടറിംഗ് സമിതികളുടെ റിപ്പോർട്ട് എന്നിവ ഫയലിൽ ഉൾക്കൊള്ളിച്ചിട്ടില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണങ്ങളിൽ (നം. 3/10.03.2021, 14/15.03.2021) ആദ്യത്തേതിനു പ്രവൃത്തിയുടെ പൂർത്തീകരണ രേഖകൾ ലഭ്യമാക്കുന്നതാണ് എന്നു മറുപടി ലഭ്യമാക്കി. പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യപത്രം, അന്തിമ ബിൽ, മോണിട്ടറിംഗ് സമിതികളുടെ റിപ്പോർട്ട് എന്നിവയുടെ അഭാവത്തിൽ പ്രവൃത്തികൾക്കായി ചെലവ് ചെയ്ത 2,40,880/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-18 കണ്ടിജൻസി ചെലവ് വൗച്ചറുകൾ ലഭ്യമായില്ല. ചെലവ് തുക 1,31,000/- രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നം. | 12/20 |
| പേര് | കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ കണ്ടിജൻസി ചെലവുകൾ |
| അടങ്കൽ തുക | മെയിന്റനൻസ് റോഡിതരം 200000/- |
| ചെലവ് | ബിൽ നം. 14/12.06.2019 തുക 59000/- |

| | |
|---|---|
| | 53/17.12.2019 തുക 34000/-<br>59/18.01.2020 തുക 38000/-<br>131000/- |

പദ്ധതി പ്രകാരം കൈമാറികിട്ടിയ വിവിധ സ്ഥാപനങ്ങളുടെ വൈദ്യുതിച്ചാർജ്, ടെലിഫോൺ ബിൽ തുടങ്ങിയ കണ്ടിജൻസി ചെലവുകൾക്കായി ചുവടെ ചേർക്കും പ്രകാരം മുൻകൂർ ആയി തുക അനുവദിച്ചു.

| സ്ഥാപന മേധാവി | കൈമാറിയിട്ടുള്ള തുക (2019-20) |
|---|---|
| എച്ച്.എം. പരണിയം | 8000 |
| കൃഷി ഓഫീസർ | 14500 |
| എം.ഒ. ആയുർവേദം | 21500 |
| എച്ച്.എം. തിരുപുറം | 12000 |
| എം.ഒ. പിഎച്ച്സി പരണിയം | 60000 |
| വെറ്ററിനറി സർജൻ | 15000 |
| ആകെ | 131000/- |

പദ്ധതി പ്രകാരം അനുവദിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം, ചെലവു വൗച്ചറുകൾ എന്നിവ ലഭ്യമാക്കുവാനറിയിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 14/15.03.2021) മറുപടി ലഭ്യമാക്കിയില്ല.

രേഖകളുടെ അഭാവത്തിൽ പദ്ധതിക്കായി ചെലവു ചെയ്ത 1,31,000/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-19 സ്റ്റോക്ക് & സ്റ്റോർസ് രജിസ്റ്റർ പരിപാലിക്കുന്നതിലെ അപാകതകൾ.

സ്ഥാപനത്തിന്റെ സ്റ്റോക്ക് ആന്റ് സ്റ്റോർസിന്റെ വാർഷിക മൂല്യം തിട്ടപ്പെടുത്തി വാർഷിക കണക്കുകളിൽ ഉൾക്കൊള്ളിച്ചിട്ടില്ല. സ്റ്റോക്ക് രജിസ്റ്ററുകൾ ആധികാരികമല്ല. അതതു സമയങ്ങളിൽ വാങ്ങുന്ന സാധനങ്ങളുടെ വിവരങ്ങൾ ഒറ്റപ്പേജിൽ ഉൾപ്പെടുത്തി രേഖപ്പെടുത്തുന്ന രീതിയാണ്. അവലംബിച്ചിരിക്കുന്നത്. സ്ഥാപനത്തിലെ ഫർണിച്ചർ, കമ്പ്യൂട്ടർ, വൈദ്യുത ഉപകരണങ്ങൾ തുടങ്ങിയവയുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്കു ലഭ്യമായില്ല. സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നതിലെ അപാകത സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.22/16.03.2021) മറുപടി ലഭ്യമായില്ല. കെ.എഫ്.സി. വാല്യം 1 ആർട്ടിക്കിൾ 150 പ്രകാരം എല്ലാ ഓഫീസ് മേധാവികളും ഫർണിച്ചർ ഉപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതുണ്ട്. സ്റ്റോക്ക് രജിസ്റ്റർ നിശ്ചിത മതൃകയിൽ തയ്യാറാക്കേണ്ടതും, കെ.എഫ്.സി. വാല്യം 1 ആർട്ടിക്കിൾ 149-161 ലെ നിർദ്ദേശങ്ങൾ പാലിച്ചു സ്റ്റോക്ക് അക്കൗണ്ട് പരിപാലിക്കേണ്ടതുമാണ്.

## 1-20 അനുപൂരക പോഷകാഹാര പദ്ധതിയ്ക്ക് ലഭിച്ച കേന്ദ്രവിഹിതം പൂർണ്ണമായും ചെലവഴിച്ചിട്ടില്ല.

അനുപൂരക പോഷകാഹാര പദ്ധതിയ്ക്ക് ലഭിച്ച കേന്ദ്രവിഹിതത്തിൽ തൻവർഷം 1,67,044 /- രൂപ ചെലവഴിച്ചില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 82002 |
| വരവ് | 573083 |
| ആകെ | 655085 |
| ചെലവ് | 488041 |
| നീക്കിയിരുപ്പ് | 167044 |

സർക്കുലർ നമ്പർ 39033/ഡി.സി.2/2ത.സ്വ.ഭ.വ തിയതി 3-9-2010 പ്രകാരം പൂരകപോഷകാഹാര പരിപാടിക്കായി ലഭ്യമാകുന്ന കേന്ദ്രസഹായത്തിൽ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത

അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും അങ്കണവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിനുള്ള പാത്രങ്ങൾ, സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അംഗണവാടികളുടെ മേൽ പറഞ്ഞ ആവശ്യങ്ങൾക്കായി ശേഷിച്ച കേന്ദ്രവിഹിതം വിനിയോഗിക്കാത്തത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം 10) മറുപടിയായി " 167044/- രൂപ വന്നത് 2020 മാർച്ച് 20 ന് ശേഷമാണെന്നും തുടർ പദ്ധതിയായ അനുപൂരക പോഷകാഹാര പരിപാടിയിലൂടെ അടുത്തസാമ്പത്തിക വർഷം ടി തുക മുഴുവനും ചെലവാക്കി എന്നും അറിയിച്ചിട്ടുണ്ട്. അനുപൂരക പോഷകാഹാരത്തിന് ലഭിക്കുന്ന തുക പദ്ധതി പൂർത്തീകരണത്തിന് തികയാതെ വരുന്നതിനാൽ കേന്ദ്രവിഹിതം അങ്കണവാടി അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് വിനിയോഗിക്കാൻ കഴിയില്ല എന്നും നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചു.

പഞ്ചായത്ത് പരിധിയിലെ അംഗൻവാടികളിൽ അടിസ്ഥാന സൗകര്യങ്ങൾപര്യാപ്തമല്ലാത്തതിനാൽ സർക്കാർ നിർദ്ദേശാനുസരണം അതാത് വർഷം ലഭിക്കുന്ന ഫണ്ടുപയോഗിച്ച് അംഗൻവാടികളുടെ ഭൗതിക സാഹചര്യം വർദ്ധിപ്പിക്കുന്നതിന് ഭരണസമിതി ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-21 വാടകകെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടങ്ങൾ നിർമ്മിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിന് കീഴിൽ 19 അങ്കണവാടികളാണുള്ളത്. അവയുടെ ഭൗതിക സാഹചര്യം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഭൗതിക സാഹചര്യം | എണ്ണം |
|---|---|---|
| 1 | സ്വന്തം കെട്ടിടമില്ലാത്തവ | 9 |
| 2 | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് | 10 |
| 3 | ചുറ്റുമതിൽ ഇല്ലാത്തവ | 8 |
| 4 | വൈദ്യുതി കണക്ഷൻ ഇല്ലാത്തവ | 1 |
| 5 | ടോയ് ലറ്റ് സൗകര്യം ഇല്ലാത്തവ | 1 |

10 അങ്കണവാടികൾ വാടക കെട്ടിട ങ്ങളിലാണ് പ്രവർത്തിച്ചുവരുന്നത്. വാടകകെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് സ്വന്തമായി സ്ഥലം കണ്ടെത്തുവാനും അവയുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുവാനും ഭരണതലത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

31,32,39,44 -ാം നമ്പർ അങ്കണവാടികൾക്കായി കെട്ടിടം പണി നടക്കുന്നുണ്ടെന്ന് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ഐ.സി.ഡി.എസ് സൂപ്പർവൈസർ മറുപടി നൽകിയിട്ടുണ്ട്. ( നം 10)

<u>വാടകകെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടങ്ങൾ നിർമ്മിക്കേണ്ടതാണ്</u>

ഗ്രാമപഞ്ചായത്തിന് കീഴിൽ 19അങ്കണവാടികളാണുള്ളത്. അവയുടെ ഭൗതിക സാഹചര്യം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഭൗതിക സാഹചര്യം | എണ്ണം |
|---|---|---|
| 1 | സ്വന്തം കെട്ടിടമില്ലാത്തവ | 9 |
| 2 | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് | 10 |
| 3 | ചുറ്റുമതിൽ ഇല്ലാത്തവ | 8 |
| 4 | വൈദ്യുതി കണക്ഷൻ ഇല്ലാത്തവ | 1 |
| 5 | ടോയ് ലറ്റ് സൗകര്യം ഇല്ലാത്തവ | 1 |

10 അങ്കണവാടികൾ വാടക കെട്ടിട ങ്ങളിലാണ് പ്രവർത്തിച്ചുവരുന്നത്. വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് സ്വന്തമായി സ്ഥലം കണ്ടെത്തുവാനും അവയുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുവാനും ഭരണതലത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

31,32,39,44 -ാം നമ്പർ അങ്കണവാടികൾക്കായി കെട്ടിടം പണി നടക്കുന്നുണ്ടെന്ന് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ഐ.സി.ഡി.എസ് സൂപ്പർവൈസർ മറുപടി നൽകിയിട്ടുണ്ട്. ( നം 10) വൈദ്യുതി കണക്ഷൻ ഇല്ലാത്തതും ടോയ് ലറ്റ് സൗകര്യം ഇല്ലാത്തതുമായ അംഗണവാടികളിൽ പ്രസ്തുത സൗകര്യങ്ങൾ അടിയന്തിരമായി സ്ഥാപിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-22 ന്യൂട്രിമിക്സ് വിതരണം -ലാബ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

അങ്കണവാടി കുട്ടികൾക്ക് നൽകുന്ന ന്യൂട്രിമിക്സ് സാമ്പിളുകൾ ഓരോ രണ്ട് മാസത്തിലൊരിക്കൽ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനക്ക് വിധേയമാക്കി ഗുണനിലവാരം ഉറപ്പ് വരുത്തണമെന്നും പരിശോധന നടത്തി ലഭിക്കുന്ന ലാബ് റിപ്പോർട്ടിൽ ന്യൂട്രിമിക്സിന് ഗുണനിലവാരമില്ലെങ്കിൽ ആയതു വാങ്ങിയതിനുള്ള വില ന്യൂട്രിമിക്സ് നൽകിയ സ്ഥാപനങ്ങൾക്ക് നൽകേണ്ടതില്ലെന്നും സാമൂഹ്യക്ഷേമ ഡയറക്ടറുടെ 18/12/2010ലെ ഐ.സി.ഡി.എസ്/ബി- 3/312 നമ്പർ കത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ അങ്കണവാടി സെന്ററുകൾ വഴി വിതരണം ചെയ്യുന്നതിനുള്ള ന്യൂട്രിമിക്സ് ഭക്ഷ്യമിശ്രിതം ഫൈവ് സ്റ്റാർ ന്യൂട്രിമിക്സ് യൂണിറ്റ്, പരുത്തിയൂർ, പൊഴിയൂർ പി ഒ , ഐശ്വര്യ ന്യൂട്രിമിക്സ് യൂണിറ്റ്, ആമച്ചൽ പി ഒ എന്നീ സ്ഥാപനങ്ങളിൽ നിന്നാണ് വാങ്ങിയിട്ടുള്ളത്. എന്നാൽ മേൽ പരാമർശിച്ച ലാബ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. 2018-19 വർഷം പരിശോധനയ്ക്കായി അയച്ച സാമ്പിളുകളുടെ ലാബ് റിപ്പോർട്ടാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം 19) മറുപടിയായി നിർവഹണ ഉദ്യോഗസ്ഥ ഹാജരാക്കിയത്. ഗുണനിലവാരം ഉറപ്പുവരുത്തി മാത്രം ന്യൂട്രിമിക്സ് വിതരണം നടത്താൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-23 സ്പിൽ ഓവർ പ്രോജക്റ്റുകൾ നടപ്പിലാക്കുന്നില്ല.

ജി.ഓ.(എം.എസ്) നം72/2017ത.സ്വ.ഭ.വ.തിരുവനന്തപുരം 29/03/2017 പ്രകാരം സ്പിൽ ഓവറായി മാറുന്ന പദ്ധതികൾ നിർബന്ധമായും അതേ വർഷം തന്നെ പൂർത്തിയാക്കണം എന്ന് നിഷ്കർഷിക്കുന്നുണ്ട്. ചെലവ് പത്രിക പ്രകാരവും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശ ചെയ്ത് അസി.എഞ്ചിനീയർ നിർവഹണം നടത്തുന്നതിനായി ഏറ്റെടുത്തതുമായ ചുവടെ പറയുന്ന സ്പിൽ ഓവർ പദ്ധതികൾ തൻവർഷം നടപ്പിലാക്കിയിട്ടില്ല.

1.ആർ ഐ ഡി എഫ് പദ്ധതി പ്രകാരം അംഗൻവാടി 39 ന് കെട്ടിട നിർമ്മാണം.

2.വി ഇ ഒ ഓഫീസ് മെയിന്റനൻസ്

3.ആർ ഐ ഡി എഫ് പദ്ധതി പ്രകാരം അംഗൻവാടി 32 ന് കെട്ടിട നിർമ്മാണം.

4.തിരുപുറം 33-ാം നം അംഗൻവാടിയ്ക്ക് ടോയ് ലറ്റ്

5.സിസലൻസ് മനാസ് റോഡ് സെക്കന്റ് മെറ്റലിംഗ് ടാറിംഗ് സൈഡ് കോൺക്രീറ്റ്

6.മാങ്കുളം കൊന്നയ്ക്കോട് റോഡ് മെറ്റലിംഗ് ടാറിംഗ്

7.കറുമണൽ മുതൽ ഓട നിർമ്മാണവും പൈപ്പ് ലൈൻ സ്ഥാപിക്കലും

8.ബഡ്സ് സ്കൂൾ മെയിന്റനൻസ് രണ്ടാം ഭാഗം

9. കുമിളി ലക്ഷം വീട് റോഡ് റീടാറിംഗ്

10. മാങ്കുളം കൊന്നയ്ക്കോട് റോഡ് സൈഡ് കോണ്ക്രീറ്റ്

11. കിഴക്കേമുറി വേളാങ്കണ്ണി കുരിശ്ശടി റോഡ് സൈഡ് കോണ്ക്രീറ്റ്

12. ലക്ഷം വീട് കോളനി പൊതുശ്മശാനത്തിന് ചുറ്റുമതിലും ഗേറ്റും നിർമ്മാണം

13. ആയുർവ്വേദ ആശുപത്രി കിണർ മെയിന്റനൻസ്

14. ആഗ്രോസർവ്വീസ് സെന്റർ വൈദ്യുതീകരണം.

നടപ്പിലാക്കാൻ തീരുമാനിച്ച സ്പിൽ ഓവർ പ്രോജക്ടുകൾ നടപ്പിലാക്കാത്തത് സംബന്ധിച്ച് 10.03.2020 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം 4 ന് നൽകിയ മറുപടിയിൽ കരാറുകാർ യഥാസമയം കരാറിലേർപ്പെട്ട് പ്രവൃത്തികൾ നടപ്പാക്കിയില്ല എന്നും സാമ്പത്തികാവസാനം പൂർത്തീകരിച്ച പ്രവൃത്തികൾ ക്യൂബില്ലിൽ ഉൾപ്പെട്ടതായും അറിയിച്ചു. പൂർത്തീകരിച്ച പദ്ധതികൾക്ക് വികസന ഫണ്ട് ലഭ്യമല്ലാത്തതിനാൽ അലോട്ടമെന്റിന് അയയ്ക്കാൻ സാധിച്ചില്ല എന്നും അറിയിച്ചിട്ടുണ്ട്. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും ഈ വിഷയം പരിശോധിച്ച് യഥാസമയം പദ്ധതികൾ പൂർത്തീകരിച്ച്പഞ്ചായത്തിന്റെ സമഗ്രവികസനം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ദീർഘ വീക്ഷണത്തോടെ പദ്ധതികൾ ഏറ്റെടുക്കേണ്ടതും സർക്കാർ നിർദ്ദേശം കർശനമായി പാലിക്കേണ്ടതുമാണ്.

## 1-24 ആസ്തി സംരക്ഷണം - വിവരങ്ങൾ കൃത്യമായി സൂക്ഷിക്കുന്നില്ല.

വികസന ഫണ്ട് വിനിയോഗിച്ച് ആർജ്ജിച്ച ആസ്തികൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിനും അളവുകളിലെ വ്യത്യാസം പരിഹരിക്കുന്നതിനും വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 22.7.2019, 20.9.2019 18.11.2019 30.01.2020 തീയതികളിലെ മീറ്റിംഗുകളിൽ ശുപാർശ ചെയ്തിരിക്കുന്നു. ആയതിൻമേൽ സ്വീകരിച്ച നടപടികൾ അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി ആസ്തി രജിസ്റ്റർ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത വിഷയത്തിൽ സ്വീകരിച്ച നടപടികൾ വിശദീകരിച്ചിട്ടില്ല. മാത്രവുമല്ല 2019-20 ൽ ആർജ്ജിച്ച ആസ്തികളുടെ വിവരങ്ങളോ പുനരുദ്ധാരണം നടത്തിയ ആസ്തിയുടെ വിവരങ്ങളോ പരിശോധിച്ച് ബോധ്യപ്പെടുന്നതിന് പര്യാപ്തമായ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുമില്ല. ആസ്തി സംരക്ഷണം എന്നത് പഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽപ്പെടുന്നതാണ്. ആയതിനാൽ ആസ്തികളുടെ മൂല്യം, അളവ്, പ്രദേശം, ആർജ്ജിച്ച കാലയളവ് എന്നിവ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ സ്ഥാപനം സൂക്ഷിക്കേണ്ടതാണ്. ആയതിന് തുടർ നടപടികൾ സ്വീകരിക്കേണ്ടതും ആസ്തി രജിസ്റ്റർ കാലികമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-25 പ്രവൃത്തി പൂർത്തീകരിച്ചതിന് ശേഷം എസ്റ്റിമേറ്റ് റിവൈസ് ചെയ്തു

കേരള പി.ഡബ്ല്യു.ഡി മാന്വൽ 1601.1.6 പ്രകാരം അംഗീകരിക്കപ്പെട്ട എസ്റ്റിമേറ്റിൽ കൂട്ടിച്ചേർക്കലുകൾ, ഒഴിവാക്കലുകൾ, സ്ട്രക്ചറൽ മാറ്റങ്ങൾ എന്നീ സാഹചര്യങ്ങൾ സംജാതമായാൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിനോ പുരോഗമിക്കുന്നതിനോ കാത്തിരിക്കാതെ ഉടൻ തന്നെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം നേടേണ്ടതാണ്. എന്നാൽ ഇതിന് വിപരീതമായി പണി പൂർത്തീകരിച്ചതിന് ശേഷം റിവൈസ്ഡ് എസ്റ്റിമേറ്റ് ചുവടെ ചേർത്തിരിക്കുന്ന പദ്ധതിയിൽ ഭരണ സമിതി അംഗീകരിച്ചിരിക്കുന്നു.

പദ്ധതിയുടെ പേര് - പഴവിള തേരിവിള റോഡ് റീടാറിംഗ് വാർഡ് 11

പദ്ധതി നം 152/19-20 സ്പിൽ ഓവർ (21/2018-19 അടങ്കൽ തുക 200000/-)

അടങ്കൽ തുക 176000/- (MF R)

ചെലവ് തുക 173727/- ബിൽ നം 33/19-20 26.9.2019

കരാറുകാരൻ – കനകരാജ്

കരാർ തീയതി – 12/9/2018

എം ബുക്ക് പ്രകാരം പണി പൂർത്തീകരിച്ച തീയതി - 18.7.2019 (55/18-19)

റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രവൃത്തി പൂർത്തീകരിച്ചതിന് ശേഷം 17.08.2019 ൽ ഭരണ സമിതി അംഗീകരിച്ചിരിക്കുന്നു.

2.5.2019 ലെ ഭരണസമിതി മീറ്റിംഗിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് 30.4.2019 ൽ എ ഇ കത്ത് നൽകിയതായും എന്നാൽ സൈറ്റിൽ പ്രവൃത്തി പൂർത്തീകരിച്ചതായി വാർഡ് മെമ്പർ അറിയിക്കുകയും ചെയ്തിരിക്കുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( 20/16.3.2121) 18.4.2019 ൽ പഞ്ചായത്ത് കമ്മിറ്റിയ്ക്ക് എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനുള്ള കത്ത് നൽകിയിട്ടുണ്ടെന്ന് മാത്രമാണ് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചത്. മറ്റ് അപാകതകൾക്കും എസ്റ്റിമേറ്റ് റിവൈസ് ചെയ്യുതിന് മുമ്പ് പ്രവൃത്തി പൂർത്തീകരിച്ചതിന് മറുപടിയും നൽകിയില്ല. മരാമത്ത് പ്രവൃത്തികൾ നടപ്പാക്കുന്നതിനുള്ള നടപടിക്രമങ്ങൾ കൃത്യമായും പാലിക്കുന്നതിന് ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-26 കന്നുകുട്ടി പരിപാലന പദ്ധതി- ധനവിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ- വെറ്ററിനറി സർജൻ
പദ്ധതി - 23
ചെലവ്-175000/- (വികസന ഫണ്ട്)
ബിൽ നമ്പർ,തിയ്യതി– 3/19-20,18.10.2019
5/19-20,18.1.20

മൃഗസംരക്ഷണ വകുപ്പ് ക്ഷീര സഹകരണ സംഘങ്ങൾ വഴി നടപ്പാക്കുന്ന പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയുടെ നടത്തിപ്പിനായി 2019-20 വർഷത്തിൽ ഗ്രാമ പഞ്ചായത്ത് വിഹിതമായി 175000/- രൂപ മൃഗ സംരക്ഷണ വകുപ്പിന് അനുവദിച്ചിട്ടുണ്ട്. സംസ്ഥാന വിഹിതമായ 175000/- രൂപയുൾപ്പെടെ യുള്ള 700000/- രൂപയിൽ 175000/- രൂപ മാത്രമാണ് 18.01.2020വരെ വിനിയോഗിച്ചിട്ടുള്ളത്.175000/- രൂപ വിനിയോഗിച്ച് പദ്ധതി നടപ്പാക്കിയതിന്റെ വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ല. ആയത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക്( 24/17.3.2021) ധനവിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.175000 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു

## 1-27 ഇ.എം.എസ് ലോൺ (റീകൂപ്പ്) ഇനത്തിൽ ഗുണഭോക്താവ് പഞ്ചായത്ത് ഫണ്ടിൽ അടച്ച തുക ബാധ്യതയായി നിലനിൽക്കുന്നു

2010-11 സാമ്പത്തിക വർഷത്തിൽ ശ്രീമതി ഇന്ദിരാമ്മ, പ്ലാങ്കാല വീട്, തിരുപുറം പി.ഒ എന്നയാൾ ഇ.എം എസ് ഭവനപദ്ധതി പ്രകാരം(ഇ.എം എസ് ഭവനനിർമാണം ജനറൽ ( S006/10-11) ) അനുവദിച്ച വീട് വിൽക്കുന്നതിനുള്ള അനുമതിയ്ക്ക് അപേക്ഷിച്ചിരുന്നു. ത.സ്വ.ഭ.വ- ഡി.ബി1/286/2017-L.ത.സ്വ.ഭ.വ (ഡി.ബി വകുപ്പ്) ന്റെ 04.07.2019 ലെ സർക്കുലറിലെ നിർദ്ദേശപ്രകാരം ഗുണഭോക്താവ് കൈപ്പറ്റിയ തുക 1,55,700/- രൂപ (പലിശ സഹിതം )18.08.2019ൽ പഞ്ചായത്ത് ഫണ്ടിൽ അടച്ചു എന്നാൽ തുക 15.03.21വരെ സർക്കാരിലേക്ക് അടവാക്കിയിട്ടില്ല.

ധനകാര്യപത്രികയിൽ "Other Liabilities" ( 350800200) എന്ന ശീർഷകത്തിലാണ് വരവ് വച്ചിട്ടുള്ളത്. ബാലൻസ് ഷീറ്റിൽ ബാധ്യതയായി നിലനിർത്തിയിരിക്കുന്ന 155700/- രൂപ സർക്കാരിലേയ്ക്ക് ഒടുക്കേണ്ടതാണ്

തുക ബാദ്ധ്യതയായി നിലനിർത്തിയിരിക്കുന്നതിന് കാരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് അന്വേഷണം നം (21/16.03.2021) .

## 1-28 "Prepaid Programme Expenses"(ഹെഡ് കോഡ് 440500101) എന്ന

ശീർഷകത്തിൽ ബുക്ക് ചെയ്ത തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

Prepaid Programme Expenses 40500101എന്ന ലെഡ്ജർ പ്രകാരം 27.05.2019 ൽ 7,31,673/- രൂപ EMS Total Housing Programmed General (Remittance Of Principal Amount Of EMS Loan Amount 2018-19) എന്നയിനത്തിൽ ബുക്ക് ചെയ്തിട്ടുണ്ട്.ഇ.എം.എസ് ലോൺ രജിസ്റ്റർ, ലോൺ പാസ്ബുക്ക് എന്നിവ പ്രകാരം മുതലിനത്തിൽ തുക അടവാക്കാൻ ബാക്കിയില്ല(തിരു. സർവീസ് കോ.ഓപ്പറേറ്റീവ് ബാങ്ക്, തിരുപുറം അക്കൗണ്ട് നം EMS 1/10-11)
2018-19 വർഷത്തെ സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം "ഇ.എം.എസ് ലോൺ തിരിച്ചടവ് 2018-19" എന്ന പ്രോജക്ടിനായി 7,31,673/-രൂപ വികസനഫണ്ടിൽ നിന്നും ചെലവഴിച്ച് ധനകാര്യപത്രികയിൽ നീക്കിയിരിപ്പ് പൂജ്യം ആക്കിയിട്ടുണ്ട്. ഈ വിഷയത്തിൽ വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് പഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടില്ല. ( നം. 27/17.03.2021)
വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 1015000 | ലൈഫ് ഭവനിർമാണം ജനറൽ | 1015000 | 0 |
| | | 242250 | സ്നേഹസ്പർശം | 242250 | 0 |
| | | 600000 | ക്ഷീരസമൃദ്ധി-പാലിന് സബ്ഡിഡി (വനിത) | 600000 | 0 |
| | | 50000 | ക്ഷീരസമൃദ്ധി പാലിന് സബ്ഡിഡി (ജനറൽ) | 50000 | 0 |
| | | 11520 | കിണർ റീചാർജ്ജ് | 11520 | 0 |

| | | | | | |
|---|---|---|---|---|---|
| | | | (ജനറൽ) | | |
| ജില്ലാ പഞ്ചായത്ത് | 2019-20 | 1500000 | ലൈഫ് ഭവനിർമാണം (ജനറൽ) | 1500000 | 0 |
| | | 242250 | സ്നേഹസ്പർശം | 242250 | 0 |
| | | 43214 | ക്ഷീരസമൃദ്ധി-പാലിന് സബ്ഡിഡി (വനിത) | 43214 | 0 |
| | | 41000 | ക്ഷീരസമൃദ്ധി പാലിന് സബ്ഡിഡി (ജനറൽ) | 41000 | 0 |
| | | 17280 | കിണർ റീചാർജ്ജ് (ജനറൽ) | 17280 | 0 |
| | | 28000 | ഹരിതഭവനം | 28000 | 0 |
| | | 170000 | കേദാരം നെൽകൃഷി വികസനം | 170000 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമനം | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 1 | കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ 46/20 | 99934 | 0 | 99934 |
| 2 | കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (മുള്ളുവിള) 216/20 | 40946 | 0 | 40946 |
| 3 | കെ.ഡബ്ല്യൂ.എ. | എസ്.സി.മേഖലയിൽ പൈപ്പ് കണക്ഷൻ സ്ഥാപിക്കൽ 137/20 | 100000 | 0 | 100000 |
| ആകെ | | | 240880 | 0 | 240880 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| കെ.യു.ആർ.ഡി.എഫ്.സി. | G) (MS)No.68/2018/Lsgd | 25903744 | 25583744 | 1735294 | - | 24168450 |

തീയതി 18.05.2018

## 4-5 സ്ഥിരനിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

## 4-8 ചാർജ് / സർചാർജ് നടപടികളുടെ വിവരം

ലഭ്യമായില്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 63832371 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 50698094 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 546800 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | ഇല്ല | ഇല്ല | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 240800 | ശ്രീ. രമേഷ് ജി, സെക്രട്ടറി |
| 1-18 | 1,31,000 | ശ്രീ. രമേഷ് ജി, സെക്രട്ടറി<br>(ബിൽ നം. 14/12.06.2019 തുക 59000/-<br>9/18.01.2020 തുക 38000/-)<br>ശ്രീ. നൗഷാദ് എസ് സെക്രട്ടറി ഇൻ ചാർജ്ജ് (ബിൽ നം.53/17.12.2019 തുക 34000/-) |
| 1-26 | 175000 | വെറ്ററിനറി സർജൻ |
| | 546800 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. രമേഷ് ജി, സെക്രട്ടറി | | ലക്ഷ്മി കോട്ടേജ്, സ്റ്റുഡിയോ റോഡ്, നേമം പി ഒ |
| ശ്രീ. നൗഷാദ് എസ് സെക്രട്ടറി ഇൻ ചാർജ്ജ് | സെക്രട്ടറി ഇൻ ചാർജ്ജ് , തിരുപുറം ഗ്രാമപഞ്ചായത്ത് | ഉമൗഭാ മൻസിൽ, ആലു നിന്ന വിള, നെയ്യാറ്റിൻകര |
| കെ ആർ ജിനുകുമാർ വെറ്റിനറി സർജൻ | വെറ്റിനറി സർജൻ തിരുപുറം ഗ്രാമപഞ്ചായത്ത് | ജിനു ഹൗസ്, വട്ടവിള , പയറ്റുവിള പി.ഒ , ബാലരാമപുരം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1998-99 | കെ.എസ്.എ.റ്റി.വി.എം.ജി.പി.1/976/2018 തീയതി 04.06.2018 | 1 | |
| 2000-01 | കെ.എസ്.എ.റ്റി.വി.എം.ജി.പി.1/976/2018 തീയതി 04.06.2018 | 4 | |
| 2003-04 | കെ.എസ്.എ.റ്റി.വി.എം.ജി.പി.1/976/2018 തീയതി 04.06.2018 | 3 | |
| 2005-06 | കെ.എസ്.എ.റ്റി.വി.എം.ജി.പി.1/976/2018 തീയതി 04.06.2018 | 1 | |
| 2007-08 | കെ.എസ്.എ.റ്റി.വി.എം.ജി.പി.1/976/2018 തീയതി 04.06.2018 | 2 | |
| 2008-09 | കെ.എസ്.എ.റ്റി.വി.എം.ജി.പി.1/976/2018 തീയതി 04.06.2018 | 4 | |
| 2010-11 | കെ.എസ്.എ.റ്റി.വി.എം.ജി.പി.1/976/2018 തീയതി 04.06.2018 | 9 | |
| 2011-12 | കെ.എസ്.എ.റ്റി.വി.എം.ജി.പി.1/976/2018 തീയതി 04.06.2018 | 8 | |
| 2012-13 | കെ.എസ്.എ.റ്റി.വി.എം.ജി.പി.1/976/2018 തീയതി 04.06.2018 | 7 | |
| 2013-14 | കെ.എസ്.എ.റ്റി.വി.എം.ജി.പി.1/976/2018 തീയതി 04.06.2018 | 4 | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ജി.പി.1/976/2018 തീയതി 04.06.2018 | 6 | |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജി.പി.1/2027/16 തീയതി 24.11.2017 | 8 | |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ജി.പി.1/1640/17 തീയതി 11.01.2018 | 24 | |
| 2017-18 | നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.1/2095/2018 | 4 | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
തിരുവനന്തപുരം

മുൻകാല ഓഡിറ്റ് റിപ്പോർട്ടുകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ തീർപ്പാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ തിരുപുറം ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം,<br>
തിരുവനന്തപുരം<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ തിരുപുറം ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്